**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . പി . ഉബൈദുള്ള | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൗട്ടെ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്ക് ദുരന്തനിവാരണ അതോറിറ്റി പ്രഖ്യാപിച്ച സഹായങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസത്തേക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപയുടെ ധനസഹായം ജില്ലകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളി കൾക്കും 84,531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ടി തുക വിതരണം ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത സഹായങ്ങൾ എന്നത്തേക്ക് വിതരണം ചെയ്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസത്തേക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപയുടെ ധനസഹായം ജില്ലകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | ഇനങ്ങൾ, മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളികൾക്കും 84,531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ടി തുക വിതരണം ചെയ്തു വരുന്നു. |
| (സി) | മത്സ്യത്തൊളിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയിൽ അടച്ച തുക നൽകിയിട്ടില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ തുക ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2021 മെയ്, ജൂൺ മാസങ്ങളിലായി കടലോര മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സംസ്ഥാന വിഹിതവും അനുവദിച്ചു നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതം ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാം ഗഡു സംസ്ഥാന വിഹിതം ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്യുന്നതാണ്. കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ടിൽ നിന്നും മൂന്നാം ഗഡു നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ